ഫെബ്രുവരി 5, 2014

# കൊളീജിയം സംവിധാനം പ്രധാനമന്ത്രി തകർക്കുന്നോ?

അരുൺ ജെയ്റ്റ്‌ലി, പ്രതിപക്ഷ നേതാവ് (രാജ്യസഭ)

നിഷ്പക്ഷമായ നിലയിൽ നടത്തേണ്ട കുറെ പൊതു നിയമങ്ങളുണ്ട്. സർക്കാർ ഒരു രാഷ്ട്രീയ സംവിധാനമാണ്. രാഷ്ട്രീയ അടിസ്ഥാനത്തിലുള്ള നിർവഹണ സംവിധാനത്തിലെ നിയമനങ്ങൾ അത്ര ആത്മവിശ്വാസം നൽകുന്നവയല്ല. അതുകൊണ്ടാണ് ചില നിയമനങ്ങളുടെ കാര്യത്തിൽ കൊളീജിയം ഏർപ്പെടുത്തിയത്. ദേശീയ മനുഷ്യാവകാശ കമ്മീഷൻ (എച്ച്ആർസി), ചീഫ് വിജിലൻസ് ഓഫീസർ (സിവിസി), വിജിലൻസ് കമ്മീഷണർമാർ, സിഐസി, ഇൻഫർമേഷൻ കമ്മീഷണേഴ്സ് എന്നിവയാണിപ്പോഴുള്ളത്. ലോക്പാൽ അധ്യക്ഷനും അംഗങ്ങളും ഇപ്പോൾ കൊളീജിയം വഴിയാണ്. ഇവയ്ക്ക് ഓരോന്നിനുമുണ്ട് കൊളീജിയം വെവ്വേറെ രൂപീകരിക്കുന്നു. ഇതിൽ ഓരോന്നിലും ലോക്സഭാ പ്രതിപക്ഷ നേതാവ് അംഗമാണ്. എൻഎച്ച്ആർസിയുടെ കൊളീജിയത്തിൽ രാജ്യസഭാ പ്രതിപക്ഷനേതാവും അംഗമാണ്. പ്രധാനമന്ത്രി ഡോ.മൻമോഹൻസിംഗിന്റെ ഭരണകാലാവധി അവസാനിക്കാറായിരിക്കെ, രാജ്യത്തെ കൊളീജിയം സംവിധാനത്തിൽ അദ്ദേഹം എത്ര നാശമാണ് വരുത്തിയിരിക്കുന്നതെന്ന് ആത്മപരിശോധന നടത്തുന്നത് നന്നാകും. നേരേവാ നേരേപോ സ്വഭാവമില്ലാത്ത അദ്ദേഹം ഏറെ രാഷ്ട്രീയമുള്ളയാളുമാണ്. എൻഡിഎ ഭരണകാലത്ത് അടൽബിഹാരി വാജ്പേയി പ്രധാനമന്ത്രിയായിരിക്കെ നിയമനിക്കാര്യത്തിൽ ഒരിക്കൽ മാത്രമാണ് പ്രതിപക്ഷനേതാവ് വിയോജിച്ചത്. എൻഡിഎ നിയമിച്ച എൻഎച്ച്ആർസി തലവന്റെ കാര്യത്തിൽ മാത്രം അന്ന് സോണിയാഗാന്ധിയും മൻമോഹൻസിംഗും എതിർപ്പു പ്രകടിപ്പിച്ചു. ജസ്റ്റിസ് ജെ.എസ്.വർമയെ എൻഎച്ച്ആർസി അദ്ധ്യക്ഷനാക്കുന്നതിനെ ഡോ.സിംഗും അദ്ദേഹത്തിന്റെ നേതാവും എതിർത്തത് ഏറെ അമ്പരപ്പുണ്ടാക്കിയിരുന്നു. വർമയെപ്പോലെ വിശ്വാസ്യതയുള്ള ഒരാളെ അന്ന് അങ്ങനെ എതിർക്കാൻ പാടില്ലായിരുന്നു. രാഷ്ട്രീയ കാരണങ്ങളാലാണ് അന്ന് എതിർത്തത്. എന്നാൽ പ്രധാനമന്ത്രിയായിരിക്കെ മൻമോഹൻസിംഗ് കളങ്കിതനായ ആളെ സിവിസി ആക്കാൻ ആഗ്രഹിച്ചും എന്റെ സഹപ്രവർത്തകയും ലോക്സഭാ പ്രതിപക്ഷ നേതാവുമായ സുഷമസ്വരാജ് എതിർത്തു. അതുമൂലം സിവിസി നിയമനം റദ്ദാക്കി.

ലോക്പാൽ നിയമം അഞ്ചാമംഗത്തെ നിയമിക്കാൻ നാലംഗങ്ങൾക്കും അവകാശം നൽകുന്നെങ്കിലും ഏഴാംഗങ്ങളെ മാത്രം തെരഞ്ഞെടുക്കുന്നതിലേക്ക് അത് നിയന്ത്രിച്ചു. ലഭ്യമായ പ്രമുഖ നിയമജ്ഞരുടെ പട്ടികയിൽ രാജീവ്ഗാന്ധി ഫൗണ്ടേഷൻ അംഗം കൂടിയായ മോഹൻ ഗോപാൽ ഉൾപ്പെടെയുള്ളവരെപ്പെടുത്തി ശ്രീമതി സുഷമാ സ്വരാജ് നിർദ്ദേശം സമർപ്പിച്ചതായി വിശ്വസിക്കുന്നു. മുൻ ചീഫ് ജസ്റ്റിസ് ഇ.എസ്.നരിമാൻ, സോളി സൊറാബ്ജി, കെ.പരാശരൻ, ഹരീഷ് സാൽവെ എന്നിവരുടെ പേരുകൾ സുഷമാ സ്വരാജ് നിർദ്ദേശിച്ചു. ജസ്റ്റിസ് എം.എൻ.വെങ്കട ചെല്ലയ്യ, കെ.കെ.വേണുഗോപാൽ എന്നിവരുടെ പേരുകളും അംഗീകരിച്ചു. എന്നാൽ പി.പി.റാവുവിന്റെ പേരു മാത്രമേ പരിഗണിക്കൂ എന്ന നിലപാടാണ് പ്രധാനമന്ത്രി കൈക്കൊണ്ടത്. സുഷമാ സ്വരാജ് നിർദ്ദേശിച്ച ഒരു പേരും പരിഗണിച്ചില്ല.

പി.പി.റാവു ബഹുമാന്യനാണ്. മറ്റൊരു പേരുകളും സ്വീകരിക്കാതെ പി.പി.റാവുവിന്റെ പേരുമാത്രം ഉൾക്കൊള്ളിച്ചത് പ്രധാനമന്ത്രിയുടെ നിർബന്ധപ്രകാരമാണെന്ന് എന്നാൽ സംശയം ജനിപ്പിക്കുന്നു. ചീഫ് ജസ്റ്റിസിനേയോ അദ്ദേഹത്തിന്റെ പ്രതിനിധിയെയോ കൊളീജിയത്തിൽ ഉൾപ്പെടുന്നത് സന്തുലനത്തിനുവേണ്ടിയാണ്. സാധാരണ, ഭിന്നാഭിപ്രായം ഉണ്ടാകുകയാണെങ്കിൽ പ്രതിനിധിയായ ജഡ്ജ് എല്ലാവർക്കും സ്വീകാര്യനായ ഒരാളുടെ പേര് നിർദ്ദേശിക്കണമെന്നാണ് സങ്കല്പം. അതുണ്ടായിട്ടില്ല.

ഡോ.സിംഗിന്റെ കാലാവധി അവസാനിക്കാൻ പോകുന്നു. അദ്ദേഹം നാശനഷ്ടം വരുത്തിയ ഒട്ടേറെ സ്ഥാപനങ്ങളിൽ വിവിധ പൊതുനിയമനങ്ങൾ നടത്തുന്ന കൊളീജിയത്തിന് വരുത്തിയതാണ് പ്രധാനം. ലോക്പാൽ ബിൽ രൂപപ്പെടുത്തുന്നതിൽ സക്രിയമായി പങ്കുകൊണ്ട ഒരാളെന്ന നിലയിൽ ലോക്പാൽ നിയമനത്തെ അട്ടിമറിക്കാൻ ഒരു കൊളീജിയം സംവിധാനം തന്നെ എളുപ്പത്തിൽ അട്ടിമറിക്കാൻ കഴിയുന്നതാണോ എന്ന് ഞാൻ വീണ്ടു വിചാരം നടത്തുകയാണിപ്പോൾ. നിയമനത്തിന് മുമ്പത്തെ പ്രധാനമന്ത്ര ലോക്പാൽ സംവിധാനത്തെ തകർക്കുകയാണ്.